# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 38 | 10-12-2012-ന് മറുപടി നൽകേണ്ടത്

## സപ്തധാരാ പദ്ധതി

**ചോദ്യം**
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ എന്ന പേരിൽ സപ്തധാരാ പദ്ധതിയിൽ ഏതൊക്കെ പേരുകളിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപദ്ധതി എന്ന പേരിൽ താഴെപ്പറയുന്ന ഏഴ് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വികസന പദ്ധതികൾക്കാണ് രൂപം നൽകിയത്.<br><br>1) **സുതാര്യം**-അഴിമതിരഹിതവും സുതാര്യവുമായ ഭരണം<br>2) **സുന്ദരം**-മാലിന്യനിർമ്മാർജനവും പരിസ്ഥിതി സംരക്ഷണവും<br>3) **സമൃദ്ധം** - സാമ്പത്തികരംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ<br>4) **സുദൃഢം**-സുശക്തമായ അടിസ്ഥാന സൌകര്യങ്ങൾ എല്ലാവർക്കും<br>5) **ആരോഗ്യകരം**-മികച്ച ചികിത്സാ സൌകര്യങ്ങൾ എല്ലാവർക്കും<br>6) **വിവരവിജ്ഞാനാധിഷ്ഠിതം** - വിവര വിജ്ഞാന മേഖലയിൽ കുതിപ്പ്<br>7) **സംതൃപ്തം** - മാനവശേഷി വികസനവും സുരക്ഷയും ക്ഷേമവും |
| (ബി) | ഇതിൽ ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | ഒരു വർഷ കർമ്മപദ്ധതിയുടെ ഭാഗമായി മൊത്തം 664 പദ്ധതികളാണ് ഏഴിനങ്ങളിലായി പ്രഖ്യാപിച്ചത്. ഇതിൽ 374 എണ്ണം പൂർണ്ണമായി നടപ്പാക്കാനായി. 235 എണ്ണം നടപ്പാക്കിവരുന്നു. 91.71% നേട്ടം കൈവരിക്കാൻ സാധിച്ചു.<br><br>സേവനാവകാശ ബിൽ നിയമസഭ പാസ്സാക്കി. മാലിന്യ സംസ്കരണത്തിൻ |

| | | | |
|---|---|---|---|
| | | | 'സിയാൽ' മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചു. എമേർജിംഗ് കേരള വിജയകരമായി നടത്തി. അതിൽ ഉയർന്ന നിക്ഷേപ നിർദ്ദേശങ്ങളുടെ തുടർനടപടികൾക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൌൺസിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു. കൊച്ചി മെട്രോ റയിലിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. തിരുവനന്തപുരം (5,100 കോടി), കോഴിക്കോട് (4,500 കോടി), മോണോ റയിൽ പദ്ധതികളിൽ കോഴിക്കോടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ റോഡ്, റയിൽ, വെള്ളം എന്നിവയുടെ പണികൾ തുടങ്ങി. സർക്കാർ ആശുപത്രികളിൽ 952 ഇനം ജനറിക് മരുന്നുകൾ സൌജന്യമായി നൽകുന്ന പദ്ധതി തുടങ്ങി, കണ്ണൂർ വിമാനത്താവളത്തിന്റെ പരിസ്ഥിതി പഠനം പൂർത്തിയായി. തിരൂരിൽ മലയാളം സർവ്വകലാശാല സ്ഥാപിച്ചു. മലയാളം നിർബന്ധ ഭാഷയും ഒന്നാം ഭാഷയുമാക്കി ഉത്തരവായി തുടങ്ങി 664 ഇനങ്ങളാണ് ഒരു വർഷ കർമ്മപദ്ധതിയിൽപ്പെട്ട പ്രധാന പരിപാടികൾ |
| (സി) | ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് സപ്തധാര വിഭാവനം ചെയ്തിരുന്നത്. ജില്ലാടിസ്ഥാനത്തിലുള്ള പദ്ധതികളല്ല ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. |

സെക്ഷൻ ഓഫീസർ